(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഈ രണ്ട് ഹോസ്റ്റലുകളിലുമായി 245 കുട്ടികൾക്ക് പരിശീലനവും നൽകി വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

തൊഴിൽരഹിതരായ പട്ടികവിഭാഗക്കാർ

8 (831) ശ്രീ. ഡൊമനിക് പ്രസന്റേഷൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര ബിരുദധാരികളും സാങ്കേതിക വിദ്യാഭ്യാസം സിദ്ധിച്ചവരും തൊഴിലില്ലാതെ നിൽക്കുന്നുണ്ട് ;

(ബി) ഇവർക്ക് തൊഴിൽ നൽകുവാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് എന്തെല്ലാം പരിപാടികളുണ്ട് ;

(സി) ഈ പരിപാടികളനുസരിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്രപേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട് ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിദ്യാസമ്പന്നരായ തൊഴിൽരഹിതർക്ക് തൊഴിൽ നൽകാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പദ്ധതികൾ രൂപീകരിച്ചു നടപ്പാക്കിവരുന്നു. പ്രത്യേക കേന്ദ്രസഹായം വിനിയോഗിച്ച് തൊഴിൽ സംരംഭകരെ സഹായിക്കുന്നുണ്ട്. ഇതുകൂടാതെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനും ധനസഹായം നൽകുന്നുണ്ട്.

(സി) എത്രപേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന വിവരം ശേഖരിച്ചിട്ടില്ല.

പിന്നോക്ക വിഭാഗ ക്ഷേമത്തിനായി പ്രത്യേക ഡയറക്ടറേറ്റ്

9 (832) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക സമുദായക്ഷേമ വകുപ്പിനുവേണ്ടി ഏതെല്ലാം തസ്തികകൾ എത്ര വീതം സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വകുപ്പിന്റെ കീഴിൽ ഏതെല്ലാം കാര്യങ്ങളാണ് കൊണ്ടു വരാനുദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പിന്നോക്ക വിഭാഗ ക്ഷേമത്തിനായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്നത്തേക്ക് രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും, ഇതിന്റെ ഘടന എന്തായിരിക്കുമെന്നും വിശദമാക്കാമോ ;

(ഡി) പുതുതായി രൂപീകരിക്കുന്ന വകുപ്പിൽ മറ്റു വകുപ്പുകളിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് ഓപ്ഷൻ നൽകി നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പിന്നോക്ക സമുദായക്ഷേമ വകുപ്പിനു വേണ്ടി തസ്തിക സൃഷ്ടിച്ചിട്ടില്ല.

(ബി) പിന്നോക്ക വിഭാഗങ്ങളിൽ അർഹതയുള്ള വ്യക്തികൾക്കുള്ള വിദ്യാഭ്യാസ സഹായങ്ങളും സാമ്പത്തികസഹായങ്ങളും മറ്റ് ക്ഷേമപ്രവർത്തനങ്ങളും ഏകീകൃതമായി ഒരു വകുപ്പിൻ കീഴിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു.

(സി&ഡി) പിന്നോക്ക സമുദായക്ഷേമ വകുപ്പിന്റെ ഘടന എന്തായിരിക്കണമെന്നും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ഈ വിധ കാര്യങ്ങളും പരിശോധിക്കുന്നതാണ്.

പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ

10 (833) ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. പി. രാജു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. സത്യൻ മൊകേരി :
പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ജനങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വിശദീകരിക്കുമോ ;

(ബി) സമ്പൂർണ്ണ പാർപ്പിട പദ്ധതി അനുസരിച്ച് ഈ വിഭാഗങ്ങളിൽപ്പെടുന്ന കുടുംബങ്ങൾക്ക് എപ്പോൾ വീടുകൾ ലഭിക്കുമെന്ന് അറിയിക്കുമോ ;

(സി) ഇപ്രകാരം നിർമ്മിക്കുന്ന വീടുകളുടെ നിർമ്മാണച്ചെലവുകൾ വഹിക്കുന്നതിന് ഏതെല്ലാം ഏജൻസികളുടെ സഹായം സർക്കാർ സ്വീകരിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ജനങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ മുഖേന നടപ്പാക്കിവരുന്നു.

946/2010

LIBRARY ARCHIVES Kerala Legislative Assembly